# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2594

21.06.2012-ലെ
മറുപടിക്ക്.

## എയ്ഡഡ് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം;

(എ) യും (ബി) യും

ഉണ്ട്. 01.10.11-ലെ ജി.ഒ. (പി) നം. 199/11/പൊ.വി. ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിലെ സ്ഥിര തസ്തികകൾ പൊതു വിജ്ഞാപനത്തിലൂടെയാണ് നികത്തേണ്ടത്. ഓരോ സ്കൂളിലുമുള്ള വേക്കൻസികളിൽ ശമ്പളമില്ലാതെ ജോലിചെയ്യുന്ന അദ്ധ്യാപകരുണ്ടെങ്കിൽ ആദ്യ നിയമനം അവർക്ക് നൽകേണ്ടതാണ്. രണ്ടാമത്തെ വേക്കൻസി അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക ബാങ്കിന് നൽകണം. അടുത്ത ഒഴിവുകൾ സ്കൂളുകളിലുള്ള ക്ലെയിമെന്റുകൾക്ക് നൽകണം. ശേഷിക്കുന്ന ഒഴിവുകളാണ് വിജ്ഞാപനം വഴി നികത്തേണ്ടത്. ഐ.റ്റി. അധിഷ്ഠിത സംവിധാനമുപയോഗിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം വിജ്ഞാപനം ചെയ്യുന്ന

| | | | |
|---|---|---|---|
| | | | വേക്കൻസികളിൽ ബന്ധപ്പെട്ട മാനേജർമാർക്ക് യോഗ്യരായ അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. |
| (സി) | അദ്ധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ? | (സി) | ഇല്ല. യു.ഐ.ഡി.യുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കിയതിന് ശേഷം മാത്രമേ 2012-13 വർഷത്തിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് പറയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ